Beds for in-patients in the Government Ayurveda Hospital, Trivandrum.

MR. T. T. KESAVAN SASTRI (*Nominated*): Will the Government be pleased to state the total number of beds for in-patients in the Government Ayurveda Hospital, Trivandrum?

MR. G. NARAYANAN TAMPI: Twenty-five.

* MR. T. T. KESAVAN SASTRI: ൨൫ കിടക്കകൾ അനുവദിച്ചിട്ട് എത്ര വർഷമായി എന്നുപറയാമോ?

MR. G. NARAYANAN TAMPI: കഴിഞ്ഞ വർഷത്തിലാണ്.

MR. T. T. KESAVAN SASTRI: കൂടുതൽ കിടക്കകൾ അനുവദിച്ചു കൊടുക്കുന്നതിനെപ്പറ്റി ഗവണ്മെൻറിൽ നിന്നും മറ്റുമായി ആലോചിക്കാമോ?

MR. G. NARAYANAN TAMPI: അതിനെപ്പറ്റി ആലോചിച്ചു വരികയാണ്.

MR. T. T. KESAVAN SASTRI: കിടക്കകൾ ഇല്ലാത്തതുകൊണ്ട് അനവധി രോഗികൾ ആശുപത്രിയിൽ വന്നിട്ട് നിരാശരായി തിരിയെപോകുന്നുണ്ട് എന്നുള്ള വിവരം അറിയാമോ?

MR. G. NARAYANAN TAMPI: അങ്ങിനെ വളരെ ആളുകൾ നിരാശരായി തിരിയെ പോകുന്നുണ്ട് എന്നുള്ള വിവരം അറിവില്ല. എന്നാൽ ഏതാനുംപേർ തിരിയെപോകുന്നുണ്ടായിരിക്കും. അതിനെപ്പറ്റി പരിഹാരത്തിനായി ആലോചിച്ചുവരികയാണ്.

MR. T. T. KESAVAN SASTRI: ആയുർവേദ ആശുപത്രിയിൽ കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്ന വിഷയത്തിൽ ഗവണ്മെൻറ് മറ്റുമായി ശ്രദ്ധിക്കുമോ?

MR. G. NARAYANAN TAMPI: ആ സംഗതി ആലോചനയിലിരിക്കുകയാണെന്നു നേരത്തെ ഇവിടെ ബോധിപ്പിച്ചുകഴിഞ്ഞു.

MR. A. K. KUMARAN VAIDYAN (*Kunnatnad cum Parur*): ഇരുപത്തഞ്ചു് കിടക്കകൾ ഉള്ളതിൽ കൂടുതൽ ആളുകൾ വരുന്നുണ്ടോ?

MR. G. NARAYANAN TAMPI: ഉണ്ട്.

MR. A. K. KUMARAN VAIDYAN: കൂടുതലായി വരുന്ന ആളുകൾക്ക് സ്ഥലസൗകര്യം ഉണ്ടാക്കി കൊടുക്കാറുണ്ടോ?

MR. G. NARAYANAN TAMPI: സ്ഥലസൗകര്യം അങ്ങിനെ ഉണ്ടാക്കി കൊടുക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly